ചെറുകിട ജലവൈദ്യുതി നയം

28 (4610) ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചെറുകിട ജല വൈദ്യുതി നയം പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത നയം മുഖേന എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കുന്നത് ;

(സി) ഈ നയം നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചെറുകിട ജലവൈദ്യുത പദ്ധതികൾ, നടപടിക്രമങ്ങൾ ലഘൂകരിച്ച് സ്വകാര്യ സംരംഭകരിലൂടെ നടപ്പിലാക്കി 2017-ഓടെ 150 മെഗാവാട്ട് അധികശേഷി വർദ്ധനവ് കൈവരിക്കുകയാണ് പ്രസ്തുത നയത്തിന്റെ പ്രധാന ഉദ്ദേശ്യലക്ഷ്യം.

(സി) മത്സര ദർഘാസിന്റെ അടിസ്ഥാനത്തിൽ CPP/IPP മേഖലകളിലായി സ്വകാര്യ സംരംഭകർക്ക് 25 പദ്ധതികൾ അനുവദിക്കുകയുണ്ടായി. ചീഫ് സെക്രട്ടറി അദ്ധ്യക്ഷനും മറ്റുവകുപ്പ് അദ്ധ്യക്ഷന്മാർ അംഗങ്ങളുമായുള്ള ഒരു കമ്മിറ്റി വകുപ്പുതല പ്രശ്നങ്ങൾ വേഗത്തിൽ തീർപ്പാക്കി പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി രൂപീകരിക്കുകയും തദടിസ്ഥാനത്തിലുള്ള ത്വരിത നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

കേന്ദ്ര വൈദ്യുതി വിഹിതം

29 (4611) ശ്രീ. പി. തിലോത്തമൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര വൈദ്യുതി വിഹിതം സ്വീകരിക്കുന്നതിനായി പുതിയ സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നത്തേക്ക് സൗകര്യം ഒരുക്കുമെന്നാണ് കേന്ദ്ര നിർദ്ദേശമെന്ന വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പുതിയ സബ്സ്റ്റേഷന്റെ നിർമ്മാണത്തിനായി എത്ര ഏക്കർ ഭൂമി ആവശ്യമായിട്ടുണ്ട് ; ഈ ഭൂമി കണ്ടെത്തിയിട്ടുണ്ടോ ;

(സി) എത്ര മെഗാവാട്ട് വൈദ്യുതിയാണ് കേന്ദ്ര വിഹിതമായി അനുവദിച്ചിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-സി) കേന്ദ്രസർക്കാരിന്റെ ഊർജ്ജ മന്ത്രാലയവും കേന്ദ്ര ഇലക്ട്രിസിറ്റി അതോറിറ്റിയും ചേർന്ന് തൃശ്ശൂരിലെ മാടക്കത്തറയിൽ കേരളത്തിന് 2000 മെഗാവാട്ട് HVDC സബ്സ്റ്റേഷൻ അനുവദിച്ചിട്ടുണ്ട്. ഛത്തീസ്ഗഢിലെ റായ്ഗഢിൽ നിന്ന് ആരംഭിക്കുകയും തമിഴ്നാട്ടിലെ പുഗലൂർവഴി കേരളത്തിലെത്തുകയും ചെയ്യുന്ന HVDC പ്രസരണ ലൈനിൽ നിന്ന് പി.ജി.സി.ഐ.എൽ.-ന്റെ 400 കെ.വി. സബ്സ്റ്റേഷൻ സ്ഥിതി ചെയ്യുന്ന മാടക്കത്തറയിലേയ്ക്ക് സംസ്ഥാന വിഹിതമായ 2000 മെഗാവാട്ട് വൈദ്യുതി എത്തിക്കുന്നതിനായാണ് നിർദ്ദിഷ്ട സബ്സ്റ്റേഷൻ നിർമ്മിക്കുന്നത്. നിർമ്മാണപ്രവർത്തനങ്ങൾ നടപ്പാക്കുന്നത് കേന്ദ്ര ട്രാൻസ്മിഷൻ യൂട്ടിലിറ്റിയായ പവർഗ്രിഡ് കോർപ്പറേഷൻ മുഖേനയാണ്. പദ്ധതി മൂന്ന് വർഷങ്ങൾക്കകം പൂർത്തിയാക്കേണ്ടതാണ്.

സബ്സ്റ്റേഷൻ നിർമ്മാണത്തിന് 45 ഏക്കർ സ്ഥലം ആവശ്യമായിട്ടുണ്ട്. HVDC സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുതകുന്ന സ്ഥലം പി.ജി.സി.ഐ.എൽ.-നോ കെ.എസ്.ഇ.ബി.എൽ.-നോ ഇല്ലാത്ത സാഹചര്യത്തിൽ അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനായി പി.ജി.സി.ഐ.എൽ.-ഉം കെ.എസ്.ഇ.ബി.എൽ.-ഉം സംയുക്ത പരിശോധന നടത്തുകയും മാടക്കത്തറയിൽ നിലവിലുള്ള സബ്സ്റ്റേഷനുകളിൽ നിന്ന് 800 മീറ്ററിൽ താഴെ മാത്രം ദൂരമുള്ളതും കേരള കാർഷിക സർവ്വകലാശാലയുടെ ഉടമസ്ഥതയിലുള്ളതുമായ 45 ഏക്കർ സ്ഥലം ഏറ്റവും പ്രായോഗികമായതാണെന്ന് കണ്ടെത്തുകയും ചെയ്യുകയുണ്ടായി.

സ്ഥലം ഏറ്റെടുത്തു നൽകണമെന്ന പി.ജി.സി.ഐ.എൽ.-ന്റെ അഭ്യർത്ഥന സർക്കാർ വിശദമായി പരിശോധിക്കുകയും HVDC സബ്സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ 51 സ്ഥലം മുൻകൂറായി പവർഗ്രിഡ് കോർപ്പറേഷന് കൈമാറാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly